ട്രാൻജെൻഡറുകൾക്ക് സ്വയംതൊഴിലിന് 30 ലക്ഷം

തിരുവനന്തപുരം: ട്രാൻജെൻഡറുകൾക്ക് സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് 30 ലക്ഷം രൂപ വനിതാ വികസന കോർപ്പറേഷൻ കൈമാറുന്നതിന് മന്ത്രി കെ.കെ.ശൈലജ ഭരണാനുമതി നൽകി. സബ്സിഡി നിരക്കിൽ ഒരു വ്യക്തിക്ക് പരമാവധി മൂന്ന ലക്ഷം രൂപവരെയാണ് വായ്പ. സാമൂഹ്യ നീതിവകുപ്പ് ഡയറക്ടറും വനിതാ വികസന കോർപ്പറേഷൻ എം.ഡി.യും ചേർന്നാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക.

ഡോ. അജയകുമാർ കേരള പി.വി.സി

തിരുവനന്തപുരം: കേരള സർവകലാശാലാ പ്രോ വൈസ്ചാൻസലറായി വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിലെ ഇംഗ്ലീഷ് പ്രൊഫസറും തളിപ്പറമ്പ് മൊറാഴ സ്വദേശിയുമായ ഡോ. പി.പി. അജയകുമാറിനെ (55) സിൻഡിക്കേറ്റ് നിയമിച്ചു. അദ്ധ്യാപകനായി 32 വർഷത്തെ സർവീസുണ്ട്. പത്ത വർഷമായി കേരളയിൽ പ്രൊഫസറാണ്.

കേരളയിലെ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഡയറക്ടർ, ഗുണനിലവാരമുയർത്താനുള്ള സി.ഐ.ക്യു.എ സെല്ലിന്റെ ഡയറക്ടർ, ലേണേഴ്സ് സപ്പോർട്ട് സെന്ററുകളുടെ സ്പെഷ്യൽ ഓഫീസർ പദവികൾ വഹിച്ചിട്ടുണ്ട്. 1986 ൽ കാസർകോട് എളേരിത്തട്ട് ഗവ.കോളേജിൽ ലക്ചററായി തുടക്കം. കേരളയിൽ റീഡറായിരുന്നു. കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം, കേരള സർവകലാശാലയിൽ നിന്ന് പിഎച്ച്.ഡി എന്നിവ നേടി. 17 ഗവേഷണങ്ങൾക്ക് ഗൈഡായിരുന്നു. തിരുവനന്തപുരം ഉള്ളൂർ തുറവിക്കൽ സമന്വയയിലാണ് താമസം. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പത്തോളജിസ്റ്റ് ഡോ.കെ.എം. ഷീലയാണ് ഭാര്യ. മക്കൾ അർജ്ജുൻ (ചാർട്ടേർഡ് അക്കൗണ്ടന്റ്, യു.എസ്.ടി ഗ്ലോബൽ), അരുണ (എം.എ വിദ്യാർത്ഥി).

എം.കെ.സി നായർക്ക് ബഹുമതി

തിരുവനന്തപുരം : ആരോഗ്യ സർവകലാശാലാ വൈസ്ചാൻസലർ ഡോ.എം.കെ.സി നായർക്ക് ഡോക്ടർ ഒഫ് സയൻസ് ബഹുമതി നൽകാൻ കേരള സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു. അപൂർവമായാണ് കേരള ഈ ബഹുമതി നൽകുന്നത്.

കയർ ഫാക്ടറി തൊഴിലാളി കൂട്ടായ്മ

തിരുവനന്തപുരം: കയർപിരിതൊഴിലാളികൾക്ക് 600 രൂപ കൂലി തീരുമാനിക്കുക, ക്ഷേമപെൻഷൻ പുനസ്ഥാപിക്കുക, കയർവ്യവസായത്തെ സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കേരളാ സ്റ്റേറ്റ് കയർതൊഴിലാളി ഫെഡറേഷൻ (എ.ഐ.ടി.യു.സി) യുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേറ്റിന് മുന്നിൽ നടന്ന കയർപിരി, കയർഫാക്ടറി തൊഴിലാളി കൂട്ടായ്മ എ.ഐ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ വർക്കിംഗ് പ്രസിഡന്റ് എ.അബ്ദുസിന്റെ അദ്ധ്യക്ഷനായി. കെ.പ്രകാശ്ബാബു, സി.ദിവാകരൻ എം.എൽ.എ, ടി.ജെ.ആഞ്ചലോസ്, അഡ്വ.ജി.ആർ.അനിൽ, എം.രാധാകൃഷ്ണൻനായർ, അഡ്വ.പി.വസന്തം, ആർ.സജിലാൽ, എം.പി.പവിത്രൻ, മീനാങ്കൽകുമാർ, സോളമൻ വെട്ടുകാട്, മനോജ് ബി.ഇടമന എന്നിവർ സംസാരിച്ചു

ശബരിമലയെ രാഷ്ട്രീയ ആയുധമാക്കരുത്: വെള്ളാപ്പള്ളി

കൊല്ലം: ശബരിമല പ്രശ്നത്തെ രാഷ്ട്രീയ ആയുധമാക്കരുതെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. എസ്.എൻ.ഡി.പി യോഗം സൈബർസേന സംസ്ഥാന പ്രവർത്തക കൺവെൻഷൻ യോഗം കേന്ദ്ര കാര്യാലയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉമ്മൻചാണ്ടിയോ ശ്രീധരൻ പിള്ളയോ ആണ് മുഖ്യമന്ത്രിയെങ്കിലും സുപ്രീംകോടതി ഉത്തരവ് നടപ്പാക്കേണ്ടി വരും. ശബരിമല പ്രശ്നത്തിൽ പിണറായിക്കൊപ്പമല്ല, ഭക്തർക്കൊപ്പമാണ് യോഗം. എന്നാൽ തെരുവിലിറങ്ങരുത്. ഇറങ്ങിയാൽ സ്വയം നശിക്കും. ശബരിമലയിൽ കൂടെ കൊണ്ടുപോകാൻ ചിലർക്ക് ബി.ഡി.ജെ.എസിനെ വേണം.

നാല് കൊല്ലം കൂടെ കൊണ്ട് നടന്നിട്ട് എന്ത് തന്നു?

കേരളകൗമുദി ഒഴിച്ച് മറ്റൊരു പത്രവും യോഗത്തെ ആത്മാർത്ഥമായി സഹായിക്കാറില്ല. ചില പത്രങ്ങൾ ബോധപൂർവം അവഗണിക്കുന്നു. യോഗം ചെയ്യുന്ന നന്മകൾ ഇക്കൂട്ടർ പുറത്തറിയിക്കില്ല. എന്നാൽ സൈബർസേന പ്രവർത്തകർ യോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ജനങ്ങളിലെത്തിക്കുന്നു. ശിവഗിരിയിൽ മഹാസമാധി നവതി ആഘോഷം വൻ വിജയമാക്കിയതിൽ സൈബർസേനയുടെ പങ്ക് വലുതാണെന്നും വെള്ളാപ്പള്ളി പറഞ്ഞു.

യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി അദ്ധ്യക്ഷത വഹിച്ചു.

വനിതാസംഘം കേന്ദ്ര സമിതി സെക്രട്ടറി അഡ്വ. സംഗീതാ വിശ്വനാഥൻ, പ്രസിഡന്റ് കെ.പി. കൃഷ്ണകുമാരി, യോഗം കൗൺസിലർമാരായ പി. സുന്ദരൻ, വനജ വിദ്യാധരൻ, പിന്നാക്ക വികസന കോർപറേഷൻ മുൻ എം.ഡി വി.ആർ. ജോഷി, ബാനർജി ഭാസ്കർ, അരുൺ കോട്ടയം തുടങ്ങിയവർ സംസാരിച്ചു. സൈബർസേന സംസ്ഥാന ചെയർമാൻ കിരൺ ചന്ദ്രൻ സ്വാഗതവും കൺവീനർ സുധീർകുമാർ ചോറ്റാനിക്കര നന്ദിയും പറഞ്ഞു.

തുടർന്ന് 'നവമാദ്ധ്യമ പ്രചാരണവും സംഘടനാ കാഴ്ചപ്പാടും' എന്ന വിഷയത്തിൽ ബാനർജി ഭാസ്കർ ക്ലാസെടുത്തു.

എസ്.എൻ.ഡി.പി യോഗം സൈബർസേന പ്രവർത്തക സംസ്ഥാന കൺവെൻഷൻ കൊല്ലം യോഗം ആസ്ഥാനത്തെ ശ്രീ നാരായണധ്യാന മന്ദിരത്തിൽ എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ഉദ്ഘാടനം ചെയ്യുന്നു. യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, വനിതാ സംഘം കേന്ദ്രസമിതി സെക്രട്ടറി അഡ്വ. സംഗീതാ വിശ്വനാഥൻ, വനിതാ സംഘം കേന്ദ്രസമിതി പ്രസിഡന്റ് കെ.പി.കൃഷ്ണകുമാരി, യോഗം കൗൺസിലർമാരായ പി.സുന്ദരൻ, വനജാ വിദ്ധ്യാധരൻ, സൈബർ കൺസൾട്ടന്റ് അരുൺ തൈപ്പറമ്പിൽ, സൈബർസേന ചെയർമാൻ കിരൺ ചന്ദ്രൻ, കൺവീനർ സുധീർകുമാർ, ട്രെയിനർ ബാനർജി ഭാസ്കർ തുടങ്ങിയവർ സമീപം

സമരത്തിനില്ല: തുഷാർ

ശബരിമലയിലെ യുവതീ പ്രവേശനത്തിനെതിരെ ജനക്കൂട്ടമാണ് സമരം ചെയ്യുന്നതെന്ന് യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി . ഈ സമരത്തിന് നേതൃത്വമില്ല. നേതൃത്വമില്ലാത്ത സമരത്തിൽ യോഗത്തിന് പങ്കെടുക്കാനാവില്ല.

മാതാ അമൃതാനന്ദമയിക്ക് അബുദാബി കിരീടാവകാശിയുടെ ക്ഷണം

കൊല്ലം: കുട്ടികളുടെ സൈബർ സുരക്ഷയ്ക്കായി അബുദാബി കിരീടാവകാശിയുടെ രക്ഷാകർത്തൃത്വത്തിൽ രൂപീകരിച്ച ആഗോള കൂട്ടായ്മയിലേക്ക് മാതാ അമൃതാനന്ദമയിയെ അബുദാബി കിരീടാവകാശി ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ക്ഷണിച്ചു. ഡിജിറ്റൽ യുഗത്തിൽ കുട്ടികളുടെ മാന്യത സംരക്ഷിക്കേണ്ടതിനെക്കുറിച്ച് ചർച്ച ചെയ്യാൻ അബുദാബിയിൽ 19, 20 തീയതികളിൽ നടക്കുന്ന വിവിധ മതാദ്ധ്യക്ഷരുടെയും ആദ്ധ്യാത്മിക ആചാര്യന്മാരുടെയും യോഗത്തിലേക്കാണ് ക്ഷണം.

സൈബർ കുറ്റകൃത്യങ്ങളിൽ നിന്ന് യുവസമൂഹത്തെ തടയാനുള്ള ശാശ്വത മാർഗങ്ങൾ തേടാൻ ചേരുന്ന സമ്മേളനത്തിൽ വിവിധ മതാചാര്യന്മാർ, സൈബർ വിദഗ്ദ്ധർ, എൻ.ജി.ഒകളുടെയും സ്ഥാപനങ്ങളുടെയും മേധാവികൾ തുടങ്ങി 450 വിശിഷ്ടാതിഥികൾ പങ്കെടുക്കും. തിരഞ്ഞെടുക്കപ്പെട്ട മതനേതാക്കളോടൊപ്പം ബാലാവകാശ സംരക്ഷണത്തിനായുള്ള 'അബുദാബി അന്തർമത ഉടമ്പടി'യിൽ മാതാ അമൃതാനന്ദമയി ഒപ്പുവയ്ക്കുകയും സദസിനെ അഭിസംബോധന ചെയ്യുകയും ചെയ്യുമെന്ന് മാതാ അമൃതാനന്ദമയിമഠം ഉപാദ്ധ്യക്ഷൻ സ്വാമി അമൃതസ്വരൂപാനന്ദ പുരി അറിയിച്ചു.

'ഡിജിറ്റൽ ലോകത്തെ കുട്ടികളുടെ മാന്യത' എന്ന വിഷയത്തിൽ കഴിഞ്ഞ വർഷം വത്തിക്കാനിൽ നടന്ന ലോകസമ്മേളനത്തിന്റെ തുടർച്ചയാണ് അന്തർമത കൂട്ടായ്മ.

ശിവഗിരി തീർത്ഥാടന ഫൈനാൻസ് കമ്മിറ്റി യോഗം

ശിവഗിരി: 86-ാമത് ശിവഗിരി തീർത്ഥാടന ഫൈനാൻസ് കമ്മിറ്റിയുടെ യോഗം 18ന് വൈകുന്നേരം 5 മണിക്ക് ശിവഗിരി തീർത്ഥാടനകമ്മിറ്റി ഓഫീസിൽ നടക്കുമെന്ന് തീർത്ഥാടനകമ്മിറ്റി സെക്രട്ടറി സ്വാമി വിശാലാനന്ദ അറിയിച്ചു.

സൂക്ഷിക്കുക, ജൈവത്തിലും കീടനാശിനിയുണ്ടാകാം !

◗ സ്വന്തം ലേഖകൻ

തൃശൂർ: വിഷമില്ലാത്തതെന്ന ആശ്വാസത്തോടെ ജൈവപച്ചക്കറി വാങ്ങി ഉപയോഗിക്കുന്നവരുടെ ശ്രദ്ധയ്ക്ക് ; അവയിലും കീടനാശിനിയുടെ സാന്നിദ്ധ്യമുണ്ടാകാം. ഏഴ് ജില്ലകളിലായി ജൈവ ലേബലിൽ വിൽക്കുന്ന 497 പച്ചക്കറി സാമ്പിളുകളിൽ വെള്ളായണി കാർഷിക കോളേജ് നടത്തിയ പരിശോധനയിൽ 27 എണ്ണത്തിലാണ് സംസ്ഥാനത്ത് നിരോധിക്കപ്പെട്ട കീടനാശിനികളുടെ സാന്നിദ്ധ്യമുള്ളത്.

പൊതുവിപണി, സ്വകാര്യ ജൈവപച്ചക്കറി മാർക്കറ്റ്, കർഷകർ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലാണ് സാമ്പിൾ ശേഖരിച്ചത്. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന കീടനാശിനികളുടെ സാന്നിദ്ധ്യം ചില സാമ്പിളുകളിൽ അനുവദനീയമായതിലും കൂടുതലാണ്.

ചുവപ്പ് ചീര, ബീൻസ്, പച്ചമുളക്, വെള്ളരി, പടവലം, പയർ, അയമോദകം, കാശ്മീരി മുളകുപൊടി എന്നിവയിലാണ് കീടനാശിനി കണ്ടെത്തിയത്. ഉഗ്രവിഷം എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തിയവയാണ് കണ്ടെത്തിയ കീടനാശിനികളിൽ ഭൂരിഭാഗവും. കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയ ഭൂരിഭാഗം വിളകളും കേരളത്തിന് പുറത്ത് കൃഷി ചെയ്യുന്നവയാണ്. സുഗന്ധവ്യഞ്ജനങ്ങളിലും കീടനാശിനി കണ്ടെത്തിയിട്ടുണ്ട്. കർഷകരിൽ നിന്ന് ശേഖരിച്ച പടവലം, പാവയ്ക്ക എന്നിവയിലും സാന്നിദ്ധ്യമുണ്ട്. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിരീക്ഷണത്തിലും നിർദ്ദേശത്തിലും കൃഷി ചെയ്ത് ഇക്കോ ഷോപ്പ് വഴി വിൽക്കുന്ന പച്ചമുളക്, പടവലം എന്നിവയിലെ ഓരോ സാമ്പിളുകളിലും കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയത് ഞെട്ടലുളവാക്കിയിട്ടുണ്ട്.

■ കീടനാശിനി സാന്നിദ്ധ്യം

പച്ചക്കറികളിലേത്: - ലാംബ്ഡാ സൈഹാലോത്രിൻ, ക്യുനാൽഫോസ്, എത്തയോൺ

സുഗന്ധവ്യഞ്ജനങ്ങളിലേത്: - മാലത്തയോൺ, ക്യുനാൽഫോസ്, പ്രൊഫെനോഫോസ്, എത്തയോൺ, ബൈഫെൻത്രിൻ, ഫെൻപ്രൊപ്പാത്രിൻ

■ സാന്നിദ്ധ്യം ഇങ്ങനെ

പൊതുവിപണി 7.6%
സ്വകാര്യ ജൈവപച്ചക്കറി മാർക്കറ്റ് 11.11%
കർഷകർ 3.89%

■ സാമ്പിൾ ശേഖരിച്ച ജില്ലകൾ

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കണ്ണൂർ, കോഴിക്കോട്

■ കർഷകർക്കുള്ള ശുപാർശകൾ

1. ശുപാർശ ചെയ്ത അളവിൽ മാത്രം കീടനാശിനി ഉപയോഗിക്കുക.
2. കായ്കൾ രൂപപ്പെട്ടതിന ശേഷം കീടനാശിനി പ്രയോഗം ഒഴിവാക്കുക.
3. ജൈവകീടനാശിനികളുടെ ഉപയോഗം കൂട്ടുക.
5. സംയോജിത കീടനിയന്ത്രണ മാർഗം അവലംബിക്കുക.

“ ജൈവപച്ചക്കറി എന്ന് ബ്രാൻഡ് ചെയ്ത് വിൽക്കുന്ന 11.2 % ത്തോളം പച്ചക്കറികളിൽ വിവിധതരത്തിലെ കീടനാശിനികൾ കണ്ടെത്തിയത് ഗുരുതരമായ പ്രശ്നമായി കണക്കിലെടുത്ത് സത്വര നടപടി സ്വീകരിക്കണം

- കാർഷിക സർവകലാശാല

ശിവഗിരി തീർത്ഥാടനം: സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുന്നു

ശിവഗിരി: 86-ാമത് ശിവഗിരി തീർത്ഥാടനത്തിന്റെ ഭാഗമായി എൽ.പി, യു.പി, എച്ച്.എസ്, പ്ലസ്ടു, കോളേജ്, പൊതുവിഭാഗങ്ങൾക്കായി സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പ്രസംഗം (ഇംഗ്ലീഷ്, മലയാളം), പദ്യം ചൊല്ലൽ, ഉപന്യാസം (മലയാളം), ശ്രീനാരായണ ക്വിസ്, ആത്മോപദേശശതക ആലാപനം, ഗുരുദേവ കൃതികളുടെ വ്യാഖ്യാനം എന്നീ മത്സരങ്ങളാണ് നടക്കുക.

ഡിസംബർ 1, 2 തീയതികളിലായി അരുവിപ്പുറം ക്ഷേത്രം, ചെമ്പഴന്തി ഗുരുകുലം, ശിവഗിരിമഠം, കോട്ടയം കുറിച്ചി അദ്വൈത വിദ്യാശ്രമം, ചേർത്തല വിശ്വഗാജീമഠം, ആലുവ അദ്വൈതാശ്രമം, കരുനാഗപ്പള്ളി, തൃശൂർ കൂർക്കഞ്ചേരി ക്ഷേത്രം, കണ്ണൂർ സുന്ദരേശ്വര ക്ഷേത്രം എന്നിവിടങ്ങളിൽ മേഖലാതല മത്സരങ്ങൾ നടക്കും. ഒന്നും രണ്ടും സ്ഥാനം നേടുന്നവരെ പങ്കെടുപ്പിച്ച് സംസ്ഥാനതല ഫൈനൽ മത്സരം ഡിസംബർ 26, 27, 28 തീയതികളിൽ ശിവഗിരിയിൽ നടക്കും. ആത്മോപദേശ ശതകം, ഗുരുദേവകൃതികളുടെ വ്യാഖ്യാനം എന്നീ മത്സരങ്ങൾക്ക് മേഖലാതലത്തിൽ ഒന്നാം സ്ഥാനം നേടിയവരെ മാത്രമേ സംസ്ഥാനതലത്തിൽ പങ്കെടുപ്പിക്കൂ. ശ്രീനാരായണ ക്വിസിന് മേഖലാമത്സരം ഇല്ല. മത്സരങ്ങളുടെ സമയവും വിഷയവും ചുവടെ: ഡിസംബർ 1ന് രാവിലെ 9.30ന് പദ്യം ചൊല്ലൽ: എൽ.പി വിഭാഗം: അനുകമ്പാദശകം (ആദ്യത്തെ അഞ്ച് ശ്ലോകങ്ങൾ), യു.പി വിഭാഗം: ജീവകാരുണ്യപഞ്ചകം (ആദ്യത്തെ അഞ്ച് ശ്ലോകങ്ങൾ), എച്ച്.എസ് വിഭാഗം: ഇന്ദ്രിയവൈരാഗ്യം (ആദ്യത്തെ അഞ്ച് ശ്ലോകങ്ങൾ), പ്ലസ്ടു വിഭാഗം : ചിജ്ജഡചിന്തനം (ആദ്യത്തെ അഞ്ച് ശ്ലോകങ്ങൾ), കോളേജ് വിഭാഗം: ഷണ്മുഖസ്തോത്രം (ആദ്യത്തെ അഞ്ച് ശ്ലോകങ്ങൾ), പൊതുവിഭാഗം: ശിവസ്തവം (പ്രപഞ്ചസൃഷ്ടി ആദ്യത്തെ അഞ്ച് ശ്ലോകങ്ങൾ) ഉച്ചയ്ക്ക് 12ന് ഉപന്യാസരചന: എച്ച്.എസ്, പ്ലസ്ടു, കോളേജ്, പൊതുവിഭാഗങ്ങൾക്ക് മാത്രം. വിഷയങ്ങൾ മത്സരത്തിന് 15 മിനിട്ട് മുമ്പ് നൽകും. ഒരു മണിക്കൂറാണ് മത്സരസമയം. ഉച്ചയ്ക്ക് 2.30ന് ഗുരുദേവകൃതികളുടെ വ്യാഖ്യാനമത്സരം: മേഖലാതലത്തിൽ ആത്മോപദേശ ശതകമാണ് മത്സര വിഷയം. മത്സരാർത്ഥികളോട് കൃതിയിലെ ഏതെങ്കിലും ശ്ലോകം വ്യാഖ്യാനിക്കാൻ ആവശ്യപ്പെടും. മൂന്ന് മിനിട്ടാണ് സമയം. ഡിസംബർ 2 രാവിലെ 9.30ന് പ്രസംഗം (മലയാളം). എൽ.പി വിഭാഗം: കൊല്ലുന്നവനില്ല ശരണ്യത, യു.പി.വിഭാഗം: മതം മതേതരത്വം ഗുരുവിന്റെ കാഴ്ചപ്പാടിൽ, പ്രസംഗം (ഇംഗ്ലീഷ്). എൽ.പി വിഭാഗം : ദൈവദശകം എ യൂണിവേഴ്സൽ പ്രെയർ, യു.പി. വിഭാഗം: ഗുരു ദ ലൈറ്റ്ഹൗസ് ഒഫ് അവർ സിവിലൈസേഷൻ. മറ്റ് വിഭാഗങ്ങൾക്ക് മത്സരത്തിന് അഞ്ച് മിനിട്ട് മുമ്പ് വിഷയം നൽകും. ഉച്ചയ്ക്ക് 2ന് ആത്മോപദേശ ശതക ആലാപന മത്സരം. ആത്മോപദേശ ശതകാലാപനം, ഗുരുദേവകൃതി വ്യാഖ്യാനം എന്നീ മത്സരങ്ങളിൽ വിഭാഗഭേദമില്ലാതെ ആർക്കും പങ്കെടുക്കാം. പങ്കെടുക്കുന്നതിന് 29ന കം സൗകര്യപ്രദമായ കേന്ദ്രങ്ങളിൽ പേർ രജിസ്റ്റർ ചെയ്യണം. മേഖലാതലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർ അവിടെ നിന്നുള്ള സർട്ടിഫിക്കറ്റുമായി വേണം സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ എത്തേണ്ടത്. വിവരങ്ങൾക്ക്: ഡോ.അജയൻപനയറ (ചെയർമാൻ സാഹിത്യ മത്സരങ്ങൾ) ഫോൺ: 9447033466, ശിവഗിരിമഠം പി.ആർ.ഒ കെ.കെ.ജനീഷ് : 8089477686, ശിവഗിരിമഠം ഓഫീസ്: 04702602807.

നാടകക്കളരിയിലേക്ക് അപേക്ഷിക്കാം

തിരുവനന്തപുരം ഗവ. വിമൻസ് കോളേജിന്റെയും സംഗീതനാടക അക്കാഡമിയുടെയും സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ കോളേജ് വിദ്യാർത്ഥിനികൾക്കായി നാടകശില്പശാല സംഘടിപ്പിക്കുന്നു. കളരിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥിനികൾ പ്രിൻസിപ്പലിന്റെ അനുമതിപത്രത്തോടെ അപേക്ഷിക്കണം. ഫോൺ: ബീന കെ, ഡോ. ഗംഗാദേവി, മലയാളവിഭാഗം, ഗവ. വിമൻസ് കോളേജ്, 8086051956, 9847118529.

പമ്പയിൽ 25 കോടിയുടെ പണികൾ സൗജന്യമാക്കി ടാറ്റാ കമ്പനി

തിരുവനന്തപുരം: പ്രളയത്തിൽ തകർന്ന പമ്പയിൽ ടാറ്റ പ്രോജക്ട്സ് ചെയ്ത 25 കോടിയുടെ പുനർനിർമ്മാണ പ്രവർത്തികൾ സൗജന്യമാക്കിയതായി ടാറ്റ സൺസ് മുഖ്യമന്ത്രി പിണറായി വിജയനെ അറിയിച്ചു. തീർത്ഥാടനം തുടങ്ങും മുമ്പ് തീർക്കേണ്ട ജോലികളാണ് ടാറ്റ പ്രോജക്ട്സിനെ ഏൽപ്പിച്ചിരുന്നത്. സൗജന്യമാക്കിയ കത്ത് ടാറ്റ സൺസ് ജനറൽ മാനേജർ ടി.സി.എസ്.നായർ മുഖ്യമന്ത്രിക്ക് കൈമാറി.

25 കോടിയുടെ പ്രവൃത്തികൾ സൗജന്യമാക്കികൊണ്ടുള്ള കത്ത് ടാറ്റ സൺസ് ജനറൽ മാനേജർ ടി.സി. എസ് നായർ മുഖ്യമന്ത്രിക്ക് കൈമാറുന്നു

വിളംബരം

വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.

പരീക്ഷാഫലം

തിരുവനന്തപുരം: കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് എല്ലാ ജില്ലകളിലും നടത്തിയ 2018 ലെ വയർമാൻ പ്രായോഗിക പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വകുപ്പിന്റെ ജില്ലാ ഓഫീസുകളിലും www.ceikerala.gov.in ലും ഫലം ലഭ്യമാണ്.

കുവൈറ്റിലേക്ക് നഴ്സുമാർക്ക് അവസരം

തിരുവനന്തപുരം: കുവൈറ്റിലെ റോയൽ ഹയാത്ത് ആശുപത്രിയിലേക്ക് നോർക്ക റൂട്ട്സ് വഴി നഴ്സുമാരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചതായി നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

ബി.എസ്‌സി അല്ലെങ്കിൽ ജി.എൻ.എം യോഗ്യതയും മൂന്നവർഷത്തെ പരിചയവും ഉള്ള വനിതകൾക്ക് അപേക്ഷിക്കാം. അവസാന തീയതി 26. ആകെ ഒഴിവുകൾ 50. ശമ്പളം 325 കുവൈറ്റ് ദിനാർ (ഏകദേശം 77,000 രൂപ). നോർക്ക റൂട്ട്സിന്റെ സർവീസ് ചാർജ് 30,000 രൂപയും നികുതിയുമാണ്. ഇന്റർവ്യൂ കൊച്ചിയിൽ നടക്കും. വെബ്സൈറ്റ്: www.norkaroots.net 24 മണിക്കൂർ കാൾസെന്റർ ഫോൺ: 1800 425 3939.

സർവകലാശാല വാർത്തകൾ

കേരള
www.keralauniversity.ac.in

പി.എച്ച്.ഡി നൽകി

ബെറ്റി പി. കുഞ്ഞുമോൻ (നഴ്സിംഗ്), അനൂപ് എസ്. നായർ, സൗമ്യമോൾ യു.എസ് (കെമിസ്ട്രി), ചിത്ര സി.ആർ (ബോട്ടണി), രശ്മി ആർ.ആർ (എൻവയൺമെന്റൽ സയൻസസ്), ദീപ്തി പി.എസ് (കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിംഗ്), സുജ എസ്.പി (ബയോടെക്നോളജി), അശ്വതി വി.വി (ഫിസിക്സ്), മനരാജ് ആർ (ജിയോളജി), ജിനോ നൈനാൻ (മാത്തമാറ്റിക്സ്), വിനയ എസ്, മഞ്ജു പി.ബി, നാൻസി എസ് രത്നം, നെവിൽ സ്റ്റീഫൻ എസ് (ഇംഗ്ലീഷ്), ശിൽപ പി.വി, രശ്മി എം, ധന്യ ജെ.എസ് (എഡ്യൂക്കേഷൻ), സജിത എസ്.ആർ (ഹിന്ദി), ഫർസാദ് യൂസഫി, സനൽ ബി, ഷിജിന എ.എസ്, രാജശ്രീ പി.എസ് (കൊമേഴ്സ്), അൽമുനീറ ജെ (ലിംഗ്വിസ്റ്റിക്സ്), അന പി.പി (മലയാളം), രാജി പി.വി (തീയറ്റർ ആർട്സ് ആന്റ് ഫിലിം ഏസ്തറ്റിക്സ് ഫോർ എഡ്യൂക്കേഷൻ) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

പരീക്ഷാ കേന്ദ്രം

21 ന് ആരംഭിക്കുന്ന ബി.എ ആന്വൽ സ്കീം സബ്സിഡിയറി പരീക്ഷകൾക്ക് യൂണിവേഴ്സിറ്റി കോളേജ് സെന്ററായി അപേക്ഷിച്ചിട്ടുള്ളവർ എസ്.ഡി.ഇ പാളയം സെന്ററിൽ പരീക്ഷ എഴുതണം. ഹാൾടിക്കറ്റുകൾ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നു കൈപ്പറ്റണം.

അപേക്ഷ ക്ഷണിക്കുന്നു

അറബിക് പഠനവകുപ്പ് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ആറുമാസം) (2019 ജനുവരി ബാച്ച് പാർട്ട് ടൈം ഈവനിംഗ്) കോഴ്സ് ജനുവരി 1 ന് ആരംഭിക്കും. യോഗ്യത: പ്ലസ്ടു, ഫീസ്: 6000 അപേക്ഷ ഫോം കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 5. വിശദവിവരങ്ങൾക്ക് www.arabicku.in 9446827141

എം.ജി
www.mgu.ac.in

പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ പി.ജി. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

രണ്ടാം സെമസ്റ്റർ എം.ഫിൽ ബയോസയൻസസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. മൂന്നാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

ഒന്നാം സെമസ്റ്റർ എം.പി.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 30 വരെ അപേക്ഷിക്കാം.

അഞ്ചാം സെമസ്റ്റർ എം.സി.എ. (2015 അഡ്മിഷൻ റഗുലർ, 2011 2014 അഡ്മിഷൻ സപ്ലിമെന്ററി അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്), ലാറ്ററൽ എൻട്രി (2016 അഡ്മിഷൻ റഗുലർ, 2013 2015 അഡ്മിഷൻ സപ്ലിമെന്ററി അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 29 വരെ അപേക്ഷിക്കാം.

ജൂനിയർ റിസർച്ച് ഫെലോ ഒഴിവ്

സ്കൂൾ ഒഫ് ബയോസയൻസസിൽ ആരംഭിക്കുന്ന പ്രോജക്ടിലേക്ക് റിസർച്ച് ഫെലോയുടെ രണ്ട് ഒഴിവുണ്ട്. യോഗ്യത: 60 ശതമാനം മാർക്കോടെ എം.എസ്‌സി. ബയോഇൻഫോർമാറ്റിക്സ് ബിരുദം. എം.എസ്‌സി. ബയോടെക്നോളജി/മൈക്രോബയോളജി/ ബയോകെമിസ്ട്രി ബിരുദവും ബയോ ഇൻഫോർമാറ്റിക്സ്/കമ്പ്യൂട്ടേഷണൽ ബയോളജിയിലുള്ള പ്രവൃത്തിപരിചയവും. പ്രായപരിധി 30 വയസ്. മാസം 10000 രൂപ പ്രതിഫലം. രണ്ടുവർഷത്തേക്കാണ് നിയമനം. ഫോൺ: 0481 2731035.

കാലിക്കറ്റ്
www.universityofcalicut.info

സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷ

പഠനവകുപ്പുകളിലെ എല്ലാ അവസരങ്ങളും കഴിഞ്ഞ ഒന്നാം സെമസ്റ്റർ എം.എ ഇംഗ്ലീഷ്/ എം.എസ്‌സി മാത്തമാറ്റിക്സ്/ എം.കോം (സി.സി.എസ്.എസ്) വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷയ്ക്ക് 21 വരെ അപേക്ഷിക്കാം. അപേക്ഷയുടെ പ്രിന്റൗട്ട്, ചെലാൻ സഹിതം കൺട്രോളർ ഒഫ് എക്സാമിനേഷൻസ്, സ്പെഷ്യൽ സപ്ലിമെന്ററി എക്സാം യൂണിറ്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, 673635 എന്ന വിലാസത്തിൽ 23-നകം ലഭിക്കണം. പരീക്ഷാ ഫീസ്: പേപ്പര് ഒന്നിന് 2625 രൂപ. പരീക്ഷാ കേന്ദ്രം: സർവകലാശാലാ കാമ്പസ്. വെബ്സൈറ്റിലെ വിജ്ഞാപനം പരിശോധിച്ച് മാത്രം അപേക്ഷിക്കുക.

പരീക്ഷാഫലം

രണ്ടാം സെമസ്റ്റര് എം.എസ് സി മൈക്രോബയോളജി/ എം.എസ് സി ബയോകെമിസ്ട്രി (സി.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

എം.ബി.എ ഹെൽത്ത് കെയർ മാനേജ്മെന്റ് രണ്ടാം സെമസ്റ്റർ, ഇന്റർനാഷണൽ ഫിനാൻസ് നാലാം സെമസ്റ്റർ (സി.യു.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 30 വരെ അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എം.ബി.എ (സി.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

പഠന വകുപ്പുകളിലെ ഒന്നാം സെമസ്റ്റർ എം.എ അപ്ലൈഡ് ഇക്കണോമിക്സ് (റഗുലർ/സപ്ലിമെന്ററി), മലയാളം, എം.എസ്‌സി കെമിസ്ട്രി/സ്റ്റാറ്റിസ്റ്റിക്സ് (റഗുലർ/സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ ഹിന്ദി (റഗുലർ) നവംബർ 2018 ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനഃപരിശോധന/സൂക്ഷ്മപരിശോധന/ഉത്തരക്കടലാസുകളുടെ പകർപ്പ് എന്നിവയ്ക്കുള്ള അപേക്ഷകൾ 28 വരെ സ്വീകരിക്കും.

പ്രായോഗിക പരീക്ഷ

രണ്ടാം സെമസ്റ്റർ എം.സി.എ ഡിഗ്രി (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് ജൂലായ് 2018) യുടെ പ്രായോഗിക പരീക്ഷകൾ 19ന് ചാല ചിന്മയ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിലും പാലയാട് ഐ.ടി എഡ്യുക്കേഷൻ സെന്ററിലും നടത്തും. നീലേശ്വരം ഐ.ടി എഡ്യുക്കേഷൻ സെന്ററിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്കുള്ള പ്രായോഗിക പരീക്ഷ അന്നേ ദിവസം ചാല ചിന്മയ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജിയിൽ നടത്തും.

ഒന്നാം സെമസ്റ്റർ എം.സി.എ ഡിഗ്രി (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് - ഡിസംബർ 2018) യുടെ പ്രായോഗിക പരീക്ഷകൾ 27ന് ചാല ചിന്മയ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നോളജി, പാലയാട് ഐ.ടി എഡ്യുക്കേഷൻ സെന്റർ കേന്ദ്രങ്ങളിലും 28ന് അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിലും നടത്തും.

കണ്ണൂർ
www.kannuruniversity.ac.in

പരീക്ഷാഫലം

നാലാം സെമസ്റ്റർ എം.സി.ജെ (റഗുലർ/ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് - മാർച്ച് 2018) ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ. പുനഃപരിശോധന/സൂക്ഷ്മപരിശോധന/ ഉത്തരക്കടലാസുകളുടെ പകർപ്പ് എന്നിവയ്ക്കുള്ള അപേക്ഷകൾ 29 വരെ സ്വീകരിക്കും.

ടൈംടേബിൾ

30ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ (റഗുലർ/ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് - ഒക്ടോബർ 2018) ഡിഗ്രി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

എം.എസ്‌സി നഴ്സിംഗ്: സ്പോട്ട് അഡ്മിഷൻ 24ന്

തിരുവനന്തപുരം: 2018 - 19 അദ്ധ്യയന വർഷത്തെ എം.എസ്‌സി നഴ്സിംഗ് കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട ആലപ്പുഴ ഗവൺമെന്റ് നഴ്സിംഗ് കോളേജിലെ കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് സ്പെഷ്യാലിറ്റിയിൽ ഒഴിവുള്ള ഒരു സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ 24ന് രാവിലെ 11 മണിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നടത്തും. സർക്കാർ നഴ്സിംഗ് കോളേജുകളിൽ ഇനി വരുന്ന ഒഴിവുകൾ കൂടി സ്പോട്ട് അഡ്മിഷനിലൂടെ നികത്തും.

കേരള പ്രവേശന പരീക്ഷാ കമ്മിഷണർ പ്രസിദ്ധീകരിച്ച 2018 ലെ എം.എസ് സി നഴ്സിംഗ് പ്രവേശനത്തിനുള്ള റാങ്ക് പട്ടികയിൽ നിന്നാണ് പ്രവേശനം നടത്തുന്നത്. യോഗ്യത തെളിയിക്കുന്നതിന് ആവശ്യമായ അസൽ രേഖകൾ, അസൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്നവരെയാണ് പരിഗണിക്കുന്നത്. സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 27നുള്ളിൽ കോളേജിൽ ഫീസടച്ച് രേഖകൾ സമർപ്പിച്ച് പ്രവേശനം നേടണം. അല്ലെങ്കിൽ അലോട്ട്മെന്റ് റദ്ദാകും. വിശദവിവരങ്ങൾ www.dme.kerala.gov.in ൽ.

കുട്ടികളിലെ വൈകല്യങ്ങൾക്ക് സൗജന്യ ആയുർവേദ ചികിത്സ

തിരുവനന്തപുരം: ഗവൺമെന്റ് ആയുർവേദ കോളേജ് ബാലചികിത്സാ വിഭാഗത്തിന്റെ നേതൃത്വത്തിൽ കുട്ടികളിലെ പഠനവൈകല്യങ്ങൾക്ക് ചികിത്സ നൽകുന്നു. ആറുമതൽ പന്ത്രണ്ട് വയസുവരെയുള്ള കുട്ടികളിലെ പഠനവൈകല്യങ്ങൾക്ക് സൗജന്യ ആയുർവേദ ചികിത്സ നൽകും.

കുട്ടികളിലെ ഐ.ക്യൂ നിർണയം, സൈക്കോളജിസ്റ്റിന്റെ സേവനം, സൗജന്യ ആയുർവേദ ചികിത്സ, പ്രത്യേക പഠനക്ലാസുകൾ തുടങ്ങിയ സേവനങ്ങൾ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: ഗവ. ആയുർവേദ കോളേജ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൂജപ്പുര, തിരുവനന്തപുരം. ഫോൺ: 8129050667. എട്ടു വയസിനു താഴെയുള്ള കുട്ടികളിൽ സംസാരക്കുറവ്, കണ്ണിൽ നോക്കിയുള്ള ആശയവിനിമയക്കുറവ്, സംസാരിക്കാൻ തുടങ്ങിയിട്ടും ചോദ്യങ്ങളോടൊന്നും പ്രതികരിക്കാതിരിക്കുക, പരസ്പരബന്ധമില്ലാതെയുള്ള സംസാരം, ഭാവനാശേഷി ഇല്ലാത്ത അവസ്ഥ, ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിവില്ലായ്മ തുടങ്ങിയ ലക്ഷണങ്ങളുള്ള കുട്ടികൾക്കും സൗജന്യ ചികിത്സ നൽകും. വിദഗ്ദ്ധ പരിശോധന നടത്തിയ ശേഷം സ്പീച്ച് തെറാപ്പി, മരുന്നുകൾ എന്നിവ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 8075804441.